ഉത്തരം

പൊതുമരാമത്ത് വകുപ്പിൻ കീഴിൽ അടൂർ നിയോജകമണ്ഡലത്തിൽ കെട്ടിട വിഭാഗം, നിരത്തുവിഭാഗം എന്നിവയുമായി ബന്ധപ്പെട്ട് വിവിധങ്ങളായ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ പേരുവിവരവും നിലവിലുള്ള സ്ഥിതിയും സംബന്ധിച്ച വാർഷിക ക്രമത്തിലുള്ള വിവരം പദ്ധതി തിരിച്ച് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

കേന്ദ്ര സർക്കാരിന് ശിപാർശ ചെയ്ത നിരത്തുകൾ, പാലങ്ങൾ

251 (1285) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം കേന്ദ്ര സർക്കാരിലേയ്ക്ക് നിർമ്മാണത്തിന് ശിപാർശ ചെയ്ത നബാർഡ് സഹായത്തോടെയുള്ള നിരത്തുകളുടെയും പാലങ്ങളുടെയും വിശദാംശങ്ങൾ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഇവയിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളി-മായന്നൂർ റോഡ്, പാലം എന്നിവയുടെ നിർമ്മാണ പദ്ധതി പരിഗണനയിലുണ്ടോ ; ആയതിനായി നബാർഡിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ ടി പദ്ധതിയെ ഈ വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2014-15) സർക്കാർ ശിപാർശ ചെയ്ത് നബാർഡിലേയ്ക്ക് സമർപ്പിച്ച് പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*

(ബി) നബാർഡ് അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളുടെ പട്ടിക അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചേലക്കര നിയോജകമണ്ഡലത്തിലെ കൊണ്ടാഴി-കുത്താമ്പുള്ളി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിന് നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-XVI സ്കീമിൽ (2010-11) ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നെങ്കിലും സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുവാൻ കാലതാമസം വന്നതിനാൽ നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല.

(ഡി) കൊണ്ടാഴി-കുത്താമ്പുള്ളി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായശേഷം നബാർഡിൽനിന്നും ധനസഹായം ലഭിക്കുന്നതിന് ശിപാർശ ചെയ്യുന്നകാര്യം പരിഗണിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ തീരദേശ ഹൈവേ

252 (1286) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ ഹൈവേയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട എന്തെല്ലാം നടപടികളാണ് പൂർത്തിയായിട്ടുള്ളതെന്നും എന്തെങ്കിലും തർക്കം നിലനിൽക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ ;

(സി) മലപ്പുറം ജില്ലയിലൂടെ എത്ര കിലോമീറ്റർ ഈ റോഡ് കടന്നുപോകുമെന്നും ഈ പ്രദേശത്തെ സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ ;

(ഡി) ഏത് ഏജൻസിക്കാണ് ഈ റോഡിന്റെ നിർമ്മാണ ചുമതലയെന്നും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) തീരദേശ ഹൈവേയുടെ ആദ്യ നീച്ചായ ആശാൻപടിമുതൽ പറവണ്ണ വരെയുള്ള 4.5 കി.മീ. റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്.

(ബി&സി) പറവണ്ണമുതൽ ചീരാൻ കടപ്പുറംവരെയുള്ള 5.0 കിലോമീറ്ററും ആശാൻ പടിമുതൽ തിരൂർപുഴ വരെയുള്ള 1.8 കിലോമീറ്ററും സ്ഥലം ഏറ്റെടുക്കുവാനുള്ള ജോയിന്റ് സൈറ്റ് ഇൻസ്പെക്ഷൻ 14-10-2014-ന് പൂർത്തീകരിച്ചിട്ടുണ്ട്. അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന രണ്ട് ശ്മശാനങ്ങളും ചില സ്വകാര്യ വ്യക്തികളുടെ എതിർപ്പും നിലനിൽക്കുന്നുണ്ട്. ആശാൻപടിമുതൽ ട്രാൻസ്ഫോർമർ റോഡ്വരെയുള്ള ഭാഗത്ത്, തിരൂർപുഴമുതൽ ട്രാൻസ്ഫോർമർവരെയുള്ള ഭാഗം കല്ലിട്ട് തിരിക്കുവാൻ നാട്ടുകാരുടെ എതിർപ്പുമൂലം സാധിച്ചിട്ടില്ല. മലപ്പുറം ജില്ലയിലൂടെ 30 കിലോമീറ്റർ ദൂരമാണ് ഈ റോഡിനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly